# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 21/01/ 2021

## വിദ്യാർത്ഥികൾക്ക് നിരോധിത ലഹരി വസ്തുക്കൾ വിറ്റ കെ.എസ്സ്.ഇ.ബി ജീവനക്കാരൻ പോലീസ് പിടിയിൽ

കൊല്ലം : ചവറ തെക്കുംഭാഗം പോലീസ് സ്റ്റേഷൻ പരിധിയിൽ വിദ്യാർത്ഥികൾക്ക് വ്യാപകമായി നിരോധിത ലഹരിവസ്തുക്കൾ വിറ്റയാൾ പോലീസിന്റെ പിടിയിലായി. തേവലക്കര പുത്തൻസങ്കേതം ചുനക്കാട്ട് വയൽ വീട്ടിൽ സുബൈർകുട്ടി മകൻ 36 വയസ്സുള്ള നവാസാണ് പിടിയിലായത്. കെ.എസ്സ്.ഇ.ബിയിൽ ലൈൻമാനാണ് നവാസ്. സ്ക്കൂൾ മേഖല കേന്ദ്രീകരിച്ച് എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിലെ വിദ്യാർത്ഥികൾ നിരോധിതമായ ലഹരി വസ്തുകൾ ഉപയോഗിക്കുന്നതായി വിദ്യാഭ്യസ സ്ഥാപനത്തിൽ നിന്നും ജില്ലാ പോലീസ് മേധാവി നാരായണൻ. റ്റി. ഐ.പി.എസ്സിന് ലഭിച്ച രഹസ്യ വിവരത്തിൽ നടത്തിയ അന്വേഷണമാണ് പ്രതിയെ പിടികൂടാൻ കാരണമായത്. ജില്ല ഡാൻസാഫ് ടീം ദിവസങ്ങൾ നീണ്ട നിരീക്ഷണത്തിനൊടുവിലാണ് നവാസിനെ പിടികൂടിയത്. തേവലക്കര അയ്യൻകോയിക്കൽ മേഖലയിലെ സ്ക്കൂൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചാണ് ഇയാൾ ലഹരി വസ്തുക്കൾ വിറ്റിരുന്നത്. വിദ്യാർത്ഥികളുടെ കൈവശം കണ്ട ലഹരി വസ്തുക്കളെ കുറിച്ച് വിദ്യാഭ്യാസ സ്ഥാപനാധികാരികളുടെ സഹായത്തോടെ വിവരം ശേഖരിച്ച ഡാൻസാഫ് ടീം നടത്തിയ രഹസ്യ നീക്കത്തിനൊടുവിൽ 120 പാക്കറ്റ് ലഹരിവസ്തുക്കളുമായി പ്രതിയെ പിടികൂടുകയായിരുന്നു. ഇയാൾക്കെതിരെ ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരവും, കോട്പാ ആക്ട് പ്രകാരവും തെക്കുംഭാഗം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. തെക്കുംഭാഗം എസ്സ്.ഐ സുജാതൻപിള്ള, ഡാൻസാഫ് ടീം അംഗങ്ങളായ സബ്ബ് ഇൻസ്പെക്ടർ ആർ. ജയകുമാർ, എ.എസ്സ്.ഐ ബൈജൂ ജെറോം, എസ്സ്.സി.പി.ഓ സജു എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതിയിൽ ഹാജരാക്കി.


നവാസ്